**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3712** **06-08-2021 - ൽ മറുപടിയ്ക്ക്**

**ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (എ) | കഴിഞ്ഞ സർക്കാർ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിച്ച് വരുന്നത്. കൂടാതെ ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗ ക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിച്ചു വരുന്നുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ടി.ആർ.ഡി.എം മുഖേന ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ? | (ബി) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിയും വീടും (ലൈഫ് മിഷൻ) അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് - ആദിവാസി പുനരധിവാസ വികസന മിഷൻ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ച് കൊടുക്കാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

പട്ടികജാതി/പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്.

ജി.ഒ.(പി).നം:41/2002/പ.ജ.പ.വ.വി.വ.

തിരുവനന്തപുരം. തീയതി.20/07/02

---

വായന (1) ജി.ഒ.(പി.)നമ്പർ.63/01/പ.ജ.പ.വ.വി.വ. തീയതി.09/11/01

ഉത്തരവ്.

സംസ്ഥാനത്തെ ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി ലഭ്യമാവുന്ന സ്ഥലങ്ങളിൽ പരമാവധി 5 ഏക്കർ വരെയും ഭൂമി നൽകുന്നതിന് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് താഴെപ്പറയുന്ന മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പതിച്ചുനൽകാൻ കണ്ടെത്തുന്ന ഓരോ ഭൂമിയും പതിച്ച് ലഭിക്കുവാൻ അർഹതപ്പെട്ട എല്ലാ ആദിവാസി കുടുംബങ്ങളിൽ നിന്നും അതാത് പ്രദേശത്തെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ അപേക്ഷകൾ സ്വീകരിച്ച് ജില്ലാ മിഷന് സമർപ്പിക്കുന്നതാണ്. ഗുണഭോക്താക്കൾക്ക് നേരിട്ടും അപേക്ഷിക്കാവുന്നതാണ്. ഇതിനായി അപേക്ഷാഫാറങ്ങൾ അച്ചടിച്ച് ടി.ഇ.ഒ. ആഫീസുകൾ, ഗ്രാമ പഞ്ചായത്ത് ആഫീസുകൾ, വില്ലേജ് ആഫീസുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്നതാണ്.
2. ജില്ലാ മിഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ കരട് ലിസ്റ്റ് തയ്യാറാക്കി ആക്ഷേപങ്ങളും, അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്നതാണ്.
3. ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന കരട് ലിസ്റ്റ് ജില്ലാതല ജനകീയ കമ്മിറ്റിയുടെയും ഊരുകൂട്ടങ്ങളുടേയും പരിശോധനക്കും, ശുപാർശക്കും നൽകുന്നതാണ്.
4. ജനകീയ കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും.
   1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് — (അദ്ധ്യക്ഷൻ).
   2. ജില്ലയിലെ എല്ലാ എം.പി. മാരും, എം.എൽ.എ മാരും — അംഗങ്ങൾ.
   3. ആദിവാസി കുടുംബങ്ങൾ ഇപ്പോൾ താമസമുള്ള എല്ലാ ഗ്രാമ-പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ — അംഗങ്ങൾ.

[illegible]

വിഭാഗത്തിലെ എല്ലാ ജനപ്രതിനിധികളും. — അംഗ

5. ബന്ധപ്പെട്ട എല്ലാ താലൂക്ക് തഹസീൽദാർമാരും. — അംഗങ്ങ

6. കിർത്താർഡ്സിന്റെ പ്രതിനിധി. — അംഗം.

7. ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രോജക്ട് ആഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ആഫീസർമാർ. — കൺവീനർ.

ജില്ലാ കളക്ടർമാർ മേൽ ഘടനയോടു കൂടിയ ജില്ലാ ജനകീയ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്.

5. ജനകീയ കമ്മറ്റികളുടെ ശുപാർശകളും ഊരുകൂട്ടങ്ങളുടെ അഭിപ്രായങ്ങളും, പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന ആക്ഷേപങ്ങളും പരിഗണിച്ച് ജില്ലാ മിഷൻ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

6. ഭൂരഹിതർ, ഏറ്റവും കുറവ് ഭൂമിയുള്ളവർ എന്നീ ക്രമത്തിലാണ് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്.

ഇപ്രകാരം കുറ്റമറ്റരീതിയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയശേഷം ജില്ലാമിഷൻ ഭൂമി പതിച്ചു നൽകുന്നതാണ്. ലഭ്യമായ പ്ലോട്ടുകളേക്കാൾ ഭൂരഹിതരുടെ എണ്ണം കൂടുതലാണെങ്കിൽ ഗുണഭോക്താക്കളെ ചീട്ടിട്ട് തിരഞ്ഞെടുക്കേണ്ടതാണ്. സ്ഥലം തീരെ കുറവാണെങ്കിൽ ഒരേക്കറിൽ താഴെയുള്ള പ്ലോട്ടുകളും വിതരണം ചെയ്യുവാൻ ജില്ലാമിഷനു തീരുമാനിക്കാവുന്നതാണ്.

7. ഇതിനാവശ്യമായ അപേക്ഷാഫാറങ്ങൾ അച്ചടിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

ജെയിംസ് വർഗ്ഗീസ്
സെക്രട്ടറി,
പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്,

ആദിവാസി പുനരധിവാസ വികസനമിഷൻ, തിരുവനന്തപുരം.
ആദിവാസി പുനരധിവാസ വികസനമിഷൻ മെമ്പർമാർക്ക്.
എല്ലാ പ്രിൻസിപ്പൽ/സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പുതലവൻമാർക്കും.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് മുഖേന).
എല്ലാ ജില്ലാ കളക്ടർമാർക്കും.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, പട്ടിക വർഗ്ഗ വികസനവകുപ്പ്.
സെക്രട്ടറി, സ്റ്റേറ്റ്പ്ലാനിംഗ് ബോർഡ്.
ഡയറക്ടർ, ട്രഷറി വകുപ്പ്.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
സെക്രട്ടറിയേറ്റിലെ എല്ലാവകുപ്പുകൾക്കും.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം - മാർഗരേഖ - അംഗീകാരം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(കൈ)നം.34/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 16.03.2018.

വായന:-
1. 31/07/2017 ലെ സ.ഉ.(എം .എസ് ) നം.151/2017/തസ്വഭവ നമ്പർ ഉത്തരവ്.
2. ലൈഫ് മിഷൻ ഉപസമിതിയുടെ 23/02/2018 ലെ 10-ാം നം. തീരുമാനം
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28/02/2018 ലെ ലൈഫ്/LF2/511/2017 നം. കറിപ്പ്.

## ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസനകമ്മീഷണർ,തിരുവനന്തപുരം
എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂവകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി , ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി , സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
കമ്മീഷണർ & സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
ലാന്റ് റവന്യൂകമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ, തിരുവനന്തപുരം
ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,

ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി മാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മാരുടെ ചേമ്പർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ- പാർപ്പിടം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി(അർബൻ)യുടെ പി.എയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി(റൂറൽ)യുടെ പി.എയ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

## ലൈഫ് മിഷൻ - ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം - മാർഗരേഖ

### 1. ആമുഖം

എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ (ലൈഫ് മിഷൻ)രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രസിദ്ധീകരിച്ച ഗുണഭോക്തൃ പട്ടികയിലുള്ള എല്ലാ ഭൂമിയുള്ള ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടുന്നത്.

### 2. ഗുണഭോക്തൃ പട്ടിക

ലൈഫ് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്ന പ്രക്രിയയിൽ, മറ്റു മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ, റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിക്കേണ്ടതാണ്. റേഷൻ കാർഡില്ല എന്ന കാരണത്താൽ ഒഴിവായിപ്പോയിട്ടുള്ള അഗതികളായുള്ളവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ പ്രത്യേക പരിശോധന നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപന സമിതിയുടെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകേണ്ടതുമാണ് .

ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഭൂമിയുള്ള ഭവനരഹിതർക്കും 2018-19-ൽ ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ട അംഗങ്ങളുടെ എണ്ണം കണക്കാക്കിയ ശേഷം മുൻഗണനാക്രമം നിശ്ചയിച്ച് ഭവനനിർമ്മാണത്തിനുള്ള ധനസഹായം നൽകേണ്ടതുമാണ്.

ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരിച്ച ഗുണഭോക്തൃ പട്ടികയിൽ നിന്ന് അതിലെ അംഗീകൃത മുൻഗണനാക്രമമനുസരിച്ച് മാത്രമേ വിവിധ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏതൊരു ഭവന പദ്ധതിയിലേക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാവൂ.

### 3. ഗുണഭോക്താവിന്റെ അർഹതാ മാനദണ്ഡം ഉറപ്പു വരുത്തൽ

അയോഗ്യതാ ഘടകങ്ങൾ സൂചന (1) പ്രകാരമുള്ള മാർഗരേഖയുടെ ഖണ്ഡിക 5.2-ൽ പ്രസ്താവിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള അർഹതാ മാനദണ്ഡപ്രകാരം ഒരു ഗുണഭോക്താവ് അർഹനല്ല എന്ന് നിർവഹണ

ഉദ്യോഗസ്ഥന് ബോധ്യപ്പെടുന്ന പക്ഷം അദ്ദേഹത്തിന് ഭവനനിർമ്മാണ ധനസഹായം അനുവദിക്കേണ്ടതില്ല. എന്നാൽ ഇത്തരത്തിൽ ഒരു ഗുണഭോക്താവിനെ ഒഴിവാക്കുമ്പോൾ, എന്ത് കാരണത്താലാണ് ഒഴിവാക്കിയത് എന്ന് ഗുണഭോക്താവിനെ ബോധ്യപ്പെടുത്തേണ്ടതും, ഒഴിവാക്കിയതിന്റെ കാരണം ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തേണ്ടതുമാണ്. അർഹതാ മാനദണ്ഡങ്ങളിൽ സംശയം ഉള്ള പക്ഷം ബന്ധപ്പെട്ട രേഖകൾ ഗുണഭോക്താവ് നിർവഹണ ഉദ്യോഗസ്ഥന് മുമ്പാകെ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 4. ഭവന നിർമ്മാണ അനുമതി

ഭവനം അനുവദിക്കുന്നത് കുടുംബത്തിനാണ്. ഗൃഹനാഥയുടെ പേരിലായിരിക്കണം ഭവനം അനുവദിക്കേണ്ടത്. ഭാര്യാഭർത്താക്കന്മാരുടെ പേരിൽ സംയുക്തമായി ഭവനം അനുവദിക്കാവുന്നതാണ്. ഗുണഭോക്താവ് മരണപ്പെട്ടാൽ നിയമാനുസൃത അവകാശിയുടെ പേരിൽ വീട് അനുവദിക്കുന്നതാണ്. ഗുണഭോക്താവിനെ സംബന്ധിച്ച വിശദാംശങ്ങൾ നിശ്ചിത ഫോറത്തിൽ ഗുണഭോക്താവിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. (അനുബന്ധം.1).

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന അനുമതിയുടെയും ധനസഹായ ഗഡു വിതരണത്തിന്റെയും വിവരങ്ങൾ ലൈഫ് മിഷൻ വെബ് സൈറ്റിൽ അതാതു ദിവസം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

## 5. ഗുണഭോക്തൃ സംഗമം

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവന രഹിതരായ എല്ലാ ഗുണഭോക്താക്കൾക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനം ഗുണഭോക്തൃ സംഗമം വിളിച്ച് ചേർക്കേണ്ടതാണ്. ഗുണഭോക്തൃ സംഗമത്തിൽ ആവശ്യമായ രേഖകൾ (അനുബന്ധം.2) സഹിതം ഗുണഭോക്താവ് പങ്കെടുക്കേണ്ടതാണ്. ഗുണഭോക്തൃ സംഗമത്തിൽ, പദ്ധതിയുടെ വിശദാംശങ്ങൾ ഗുണഭോക്താക്കൾക്ക് നൽകേണ്ടതും, ഗുണഭോക്താക്കളുടെ സംശയങ്ങൾ ദൂരീകരിക്കേണ്ടതുമാണ്. വകുപ്പുകൾ നിർവ്വഹണ ഏജൻസിയാകുന്ന ഗുണഭോക്താക്കളുടെ സംഗമം തദ്ദേശസ്വയംഭരണസ്ഥാപനവുമായി സഹകരിച്ച് നടത്തേണ്ടതാണ് ഭവനനിർമ്മാണത്തിന് ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കൾ ഇ.എം.എസ് ഭവന പദ്ധതിയിൽ ചെയ്തു പോലെ കരാർ വെച്ച് ഭവന നിർമ്മാണം ആരംഭിക്കേണ്ടതാണ് (അനുബന്ധം.3).

## 6. ധന സഹായം

ഭവനനിർമ്മാണത്തിന് ഗുണഭോക്താവിന് 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുക. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപ നിരക്കിൽ ഭവന നിർമ്മാണത്തിന് ധനസഹായം നൽകേണ്ടതാണ്. ജില്ലാ ലൈഫ് മിഷന്, പട്ടിക വർഗ വികസന വകുപ്പിലെ നിർവഹണ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന് 20% തുക വരെ അധികമായി അംഗീകരിച്ച് നൽകാവുന്നതാണ്. പട്ടിക വർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത്

താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താവിന് 4 ലക്ഷം രൂപയായിരിക്കും ധനസഹായമായി ലഭ്യമാക്കുക. പട്ടികവർഗ വിഭാഗത്തിലെ ഒരു ഗുണഭോക്താവ് പട്ടികവർഗ സങ്കേതത്തിലാണോ താമസിക്കുന്നത് എന്ന് സംശയമുണ്ടാകുന്ന സാഹചര്യത്തിൽ പട്ടിക വർഗ വികസന വകുപ്പിലെ പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥന്റെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും തുക വിതരണം ചെയ്യേണ്ടത്.

ധനസഹായം 4 ഗഡുക്കളായി (പട്ടികവർഗ ഗുണഭോക്താക്കൾക്ക് 5 ഗഡുക്കൾ) ചുവടെ പറയുന്ന പ്രകാരമാണ് വിതരണം ചെയ്യേണ്ടത്. ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴിയായിരിക്കും അനുവദിക്കുന്നത്.

| നിർമ്മാണ ഘട്ടം | ധന സഹായ നിരക്ക് (%) | ധനസഹായ നിരക്ക് (പട്ടിക വർഗ്ഗ വിഭാഗം) (%) |
|---|---|---|
| കരാർ വെയ്ക്കുമ്പോൾ | 10 | 15 |
| ബെയ്സ്മെന്റ് പൂർത്തിയാക്കുമ്പോൾ | 40 | 20 |
| ലിന്റൽ പൂർത്തിയാകുമ്പോൾ | 40 | 35 |
| മേൽക്കൂര പൂർത്തിയായി, വീട് വാസയോഗ്യമാകുമ്പോൾ | 10 | 20 |
| പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷിംഗ് തുടങ്ങിയവ പൂർത്തിയാകുമ്പോൾ | ബാധകമല്ല | 10 |

ഒന്നാം ഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.

### 7. ഭവനത്തിന്റെ വലിപ്പം

400 ചതുരശ്രയടി (37.16 ച.മീറ്റർ) തറ വിസ്തീർണ്ണമുള്ള (Plinth area) ഭവനമാണ് ലൈഫ് പദ്ധതിയിൽ നിർമ്മിക്കേണ്ടത്. തറ വിസ്തീർണ്ണത്തിൽ 5% വ്യതിയാനം ഉണ്ടാകുന്നതിൽ തടസ്സമില്ല. ടൈപ്പ് ഡിസൈൻ പ്രകാരമാണ് വീട് നിർമ്മിക്കേണ്ടത്. ഇതിനായി 12 ഭവന നിർമ്മാണ ഡിസൈനുകൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ വിഭവ ലഭ്യതക്കനുസരിച്ച് മുറികൾ, വരാന്ത തുടങ്ങിയവ കൂട്ടിച്ചേർക്കാൻ സാധിക്കുന്ന രീതിയിലാണ് മാതൃകകൾ തയ്യാറാക്കിയിട്ടുള്ളത്. ഏതെങ്കിലും ഒരു ടൈപ്പ് ഡിസൈൻ ഗുണഭോക്താവ് തെരഞ്ഞെടുക്കുകയും അത് പ്രകാരം വീട് നിർമ്മിക്കുകയും ചെയ്യേണ്ടതാണ്. വീട് നിർമ്മിക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ കിടപ്പനുസരിച്ച് ഡിസൈനിൽ മാറ്റം വരുത്താവുന്നതാണ്. ഇങ്ങനെ വ്യത്യസ്തമായ ഡിസൈനിൽ വീട്

നിർമ്മിക്കുമ്പോൾ തറ വിസ്തീർണ്ണം അധികരിക്കുന്നില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

ഇതിൽ അടുക്കള, ഡ്രോയിംഗ് കം ഡൈനിങ്ങ് റൂം, രണ്ട് കിടപ്പ് മുറി, സെപ്റ്റിക് ടാങ്ക് ഉള്ള ടോയിലറ്റ് എന്നിവ ഉണ്ടായിരിക്കണം. വീടുകളുടെ മുൻ-പിൻ വാതിലുകൾ, പ്ലംബിങ്ങ് (1 പോയിന്റ് ടോയിലെറ്റ്, 1 പോയിന്റ് അടുക്കള) വയറിംങ്ങ് (മിനിമം 3 പോയിന്റ്), ഫ്ലോറിംങ്ങ് (സിമന്റ് കോൺക്രീറ്റ്) എന്നിവ നിർബന്ധമായിരിക്കുന്നതാണ്. പട്ടികവർഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ ഗുണഭോക്താക്കളുടെ ഭവനത്തിന് പ്ലാസ്റ്ററിംങ്ങും വൈറ്റ് വാഷും ആവശ്യമാണ്. വീടിന് സ്ഥിരമായ മേൽക്കൂര ഉണ്ടായിരിക്കേണ്ടതാണ്. മേൽക്കൂര ഗാൽവനൈസ്ഡ് സ്റ്റീൽ/തടി ഫ്രെയിമിൽ ഓട് പാകുകയോ കോൺക്രീറ്റ് ചെയ്യുകയോ ചെയ്യേണ്ടതാണ്. അതീവ ദുർഘടവും, എത്തിപ്പെടാൻ കഴിയാത്തതുമായ മേഖലകളിൽ റൂഫ് ടോപ് കോൺക്രീറ്റ്/ഓട് പാകിയത് ഇവ അല്ലാതെയുള്ള മേൽക്കൂര (ആസ്ബസ്റ്റോസ് ഷീറ്റ് ഒഴിച്ച്) നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രത്യേക അനുമതിയോടെ നിർമ്മിക്കാവുന്നതാണ്. പട്ടികവർഗ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ ഗുണഭോക്താക്കൾക്ക് പ്രാദേശികമായി ലഭ്യമാകുന്ന, ഈട് നിൽക്കുന്ന, പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ട് വീടിന്റെ ഭിത്തി നിർമ്മിക്കാവുന്നതാണ്.

## 8. കെട്ടിട നിർമ്മാണ അനുമതി

ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഭവനങ്ങൾക്ക് കെട്ടിട നിർമ്മാണ അനുമതി ആവശ്യമാണ്. എന്നാൽ പട്ടികവർഗസങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ ഗുണഭോക്താക്കൾക്ക് പെർമിറ്റ് ആവശ്യമില്ല. കെട്ടിട നിർമ്മാണ അനുമതിക്കായി അംഗീകൃത ഡിസൈനർമാരുടെ സാക്ഷ്യപത്രം നിർബന്ധമില്ലാത്തതാകുന്നു. ഗുണഭോക്താവിന് തന്നെ പ്ലാൻ തയ്യാറാക്കി കെട്ടിട നിർമ്മാണ അനുമതിക്കായി സമർപ്പിക്കാവുന്നതാണ്. ലൈഫ് മിഷൻ/തദ്ദേശസ്വയംഭരണ സ്ഥാപനം എംപാനൽ ചെയ്തിട്ടുള്ള TPTA, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ/വകുപ്പുകളുടെ എഞ്ചിനീയറിംഗ് വിഭാഗം തുടങ്ങിയവർ ഗുണഭോക്താവിനായി പ്ലാൻ തയ്യാറാക്കി നൽകേണ്ടതാണ്. അംഗീകൃത ഡിസൈനർമാർ സൗജന്യമായി സൈറ്റ് പ്ലാൻ തയ്യാറാക്കി നൽകുന്നതിന് വേണ്ട നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. പെർമിറ്റ് നൽകുമ്പോൾ നിർമ്മിക്കാനുദ്ദേശിക്കുന്ന വീടിന്റെ വിസ്തീർണ്ണം അധികരിച്ചിട്ടില്ല എന്ന് തദ്ദേശ സ്വയംഭരണ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ലൈഫ് മിഷൻ ഗുണഭോക്താവ് പെർമിറ്റിനായി സമർപ്പിക്കുന്ന അപേക്ഷ മുൻഗണന നൽകി പരിഗണിക്കേണ്ടതും അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ തീരുമാനം എടുക്കേണ്ടതുമാണ്.

നിർമ്മാണം പൂർത്തിയാകുമ്പോൾ ഒക്യുപ്പൻസി സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ ഗുണഭോക്താവ് വെള്ളപേപ്പറിൽ നൽകിയാൽ മതിയാകുന്നതാണ്. ആയത് ചട്ടപ്രകാരമുള്ള പൂർത്തീകരണ പത്രികയായി പരിഗണിക്കേണ്ടതാണ്. ഭവന നിർമ്മാണം മാനദണ്ഡപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട് എന്ന നിർവഹണ

ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റും കെട്ടിട നമ്പരും നൽകേണ്ടതാണ്.

തീരദേശ മേഖലയിൽ വീട് നിർമ്മിക്കുമ്പോൾ CRZ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. വനപരിധിയിൽ താമസിക്കുന്നവർ 2006-ലെ വനാവകാശ നിയമം പാലിച്ചാണ് ഭവനം നിർമ്മിക്കേണ്ടത്. വനാവകാശ രേഖ ലഭിക്കാത്തവർക്ക് ബന്ധപ്പെട്ട ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണ്.

ലൈഫ് ഗുണഭോക്താക്കൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശ രേഖ, കരം അടച്ച രസീത് എന്നിവയുടെ അടിസ്ഥാനത്തിൽ വീട് അനുവദിക്കാവുന്നതാണ്. കൂട്ടുസ്വത്തിലോ മറ്റ് കുടുംബാംഗങ്ങളുടെ പേരിലോ ഉള്ള വസ്തുവിൽ വീട് നിർമ്മിക്കുമ്പോൾ 200 രൂപ മുദ്രപത്രത്തിൽ ബന്ധപ്പെട്ട കുടുംബാംഗങ്ങളുടെ സമ്മതപത്രം ഗുണഭോക്താവ് സമർപ്പിക്കേണ്ടതാണ്. ഉടമസ്ഥാവകാശ രേഖയോ കരം അടച്ച രസീതോ ലഭ്യമാകാത്ത സാഹചര്യത്തിൽ അവർ താമസിക്കുന്ന ഭൂമിയിൽ സ്ഥിരതാമസക്കാരാണെന്നുള്ള റവന്യൂ അധികാരികളുടെയോ (വില്ലേജ് ഓഫീസറുടെ) തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിയുടെയോ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണ്.

**9. നിർവഹണ രീതി**

ഗുണഭോക്താവിന് രണ്ട് രീതിയിൽ ഭവനം നിർമ്മിക്കാവുന്നതാണ്.

1. നേരിട്ടുള്ള നിർമ്മാണം
2. ഏജൻസി മുഖേന

**(എ) നേരിട്ടുള്ള നിർമ്മാണം**

ഗുണഭോക്താവ് ഭവന നിർമ്മാണം, നേരിട്ട് ചെയ്യുന്ന നിർമ്മാണ രീതിയാണിത്. ഗുണഭോക്താവ് നേരിട്ട് സാധനസാമഗ്രികളും, നിർമ്മാണ തൊഴിലാളികളെയും, സംഭരിച്ച്/ക്രമീകരിച്ച്, നിർമ്മാണം നടത്തുന്നു. നിർമ്മാണ പുരോഗതി കണക്കിലെടുത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനം/വകുപ്പ് തുക കൈമാറുന്നതാണ്.

**(ബി) ഏജൻസി മുഖേന**

നേരിട്ട് ഭവന നിർമ്മാണം നടത്തുവാൻ കഴിയാത്തവർക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന സാമൂഹ്യ പ്രതിബദ്ധത ഉള്ള ഏജൻസികൾ/കരാറുകാർ എന്നിവർ മുഖേന, ഗുണഭോക്താക്കളുടെ സമ്മതത്തോടെ ഭവന നിർമ്മാണം നടത്താവുന്നതാണ്. വകുപ്പുകൾ മുഖേന നിർമ്മിക്കുന്ന വീടുകൾക്കും ഈ രീതി അവലംബിക്കാവുന്നതാണ്.

കുടുംബശ്രീ മുഖേന ,വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കിയ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ, സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകൾ, പട്ടിക വർഗ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ എന്നിവരെ അംഗീകൃത ഏജൻസിയായി

പരിഗണിച്ച് ഇത്തരം വീടുകളുടെ ഭവന നിർമ്മാണ ചുമതല നൽകാവുന്നതാണ്. ഇതിനായി CP ഒഴിവാക്കി DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. എസ്റ്റിമേറ്റ് ലൈഫ് മിഷൻ/തദ്ദേശസ്വയംഭരണ സ്ഥാപനം എംപാനൽ ചെയ്തിട്ടുള്ള TPTA, വകുപ്പുകളുടെ/തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സാങ്കേതിക വിഭാഗം മുഖേന തയ്യാറാക്കേണ്ടതും, മൂല്യനിർണ്ണയം എസ്റ്റിമേറ്റ് തയ്യാറാക്കിയ സ്ഥാപനം തന്നെ നടത്തേണ്ടതുമാണ്. എസ്റ്റിമേറ്റ് എത്ര തുക ആയാലും, മിഷനിൽ നിന്നുള്ള ധനസഹായം യൂണിറ്റ് നിരക്ക് പ്രകാരമായിരിക്കും. ഇത്തരത്തിൽ ഏജൻസി മുഖേന ചെയ്യുമ്പോൾ ഗുണഭോക്താവും ഏജൻസിയും/കരാറുകാരനും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതും തുക കരാറുകാരന് 4 ഘട്ടങ്ങളായി നൽകാവുന്നതുമാണ്.

## 10. നിർവഹണ ഉദ്യോഗസ്ഥർ

വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതൊഴികെ, പദ്ധതിയുടെ നിർവഹണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരെ നിർവഹണ ഉദ്യോഗസ്ഥരായി സെക്രട്ടറിക്ക് ചുമതലപ്പെടുത്താവുന്നതാണ്.

നഗരസഭകളിൽ സെക്രട്ടറിയായിരിക്കും നിർവഹണ ഉദ്യോഗസ്ഥൻ. നിർവഹണ സംവിധാനം ഫലപ്രദമാക്കുന്നതിനായി പി.എം.എ.വൈ.(യു) കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെ സെക്രട്ടറി പ്രയോജനപ്പെടുത്തേണ്ടതാണ്. കൂടുതൽ ഗുണഭോക്താക്കൾ ഉള്ളിടത്ത് തദ്ദേശ സ്വയം ഭരണ സെക്രട്ടറി എഞ്ചിനീയറിങ് വിഭാഗത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരെ ഫീൽഡ് പ്രവർത്തനങ്ങൾക്കായി നിയോഗിക്കേണ്ടതാണ്.

200-ൽ കൂടുതൽ ഗുണഭോക്താക്കൾ ഉള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന, ജിയോ ടാഗിംഗ് ഇവ ചെയ്യുന്നതിന് നിർവഹണ ഉദ്യോഗസ്ഥർക്ക് വാഹനസൗകര്യം നൽകേണ്ടതാണ്. ഇത്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമിതിയുടെ മുൻകൂർ അനുമതിയോടെ വാഹനം വാടകയ്ക്ക് എടുക്കാവുന്നതും, ഇതിന്റെ ചെലവ് പദ്ധതി ആസൂത്രണ മോണിറ്ററിങ്ങിന് അനുവദിക്കപ്പെട്ട ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതുമാണ്.

## 11. സ്റ്റേജ് റിപ്പോർട്ടിംഗ്

ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറക്ക് ഗുണഭോക്താവ്, സ്റ്റേജ് റിപ്പോർട്ട് (അനുബന്ധം 4) നിർവഹണ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്

TPTA/നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ പരിശോധന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണ ഘട്ടങ്ങളുടെ ഫോട്ടോ തദ്ദേശ സ്വയം ഭരണസ്ഥാപനം/വകുപ്പ് സ്വന്തം ചെലവിൽ എടുക്കുന്നതിന് വേണ്ട ക്രമീകരണം ചെയ്യേണ്ടതാണ്. സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ധനസഹായം അനുവദിക്കേണ്ടതാണ്. വകുപ്പുകളിൽ നിലവിലെ രീതിയിൽ ഫണ്ട് വിതരണം ചെയ്യേണ്ടതും, അനുമതി ഉത്തരവ് ലൈഫ് മിഷൻ ഓൺലൈൻ

സംവിധാനം വഴി ചെയ്യേണ്ടതാണ്.

12. ജിയോ ടാഗിംങ്ങ്

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്ന വീടുകളുടെ നിർമ്മാണത്തിന്റെ തുടക്കത്തിലും പൂർത്തീകരണ ഘട്ടത്തിലും ജിയോ ടാഗ്ഗിംങ്ങ് ചെയ്യേണ്ടതാണ്. ഭവനം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ മുമ്പിൽ നിന്നും എടുത്തിട്ടുള്ള ഫോട്ടോകൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ ജിയോ ടാഗ്ഗിംങ്ങ് നടത്തേണ്ടതാണ്. ഫൗണ്ടേഷൻ പൂർത്തിയാകുന്നതിന് മുമ്പായി ആദ്യ ഫോട്ടോ എം.ഐ.എസ്സിലേക്ക് നിർവഹണ ഉദ്യോഗസ്ഥൻ upload ചെയ്യേണ്ടതാണ്. വീട് നിർമ്മാണം പൂർത്തിയാകുമ്പോൾ അന്തിമ ഗഡു നൽകുന്നതിന് മുമ്പായി പൂർത്തീകരിച്ച ഭവനത്തിന് മുന്നിൽ ഗുണഭോക്താവിനെ നിർത്തി ഒരിക്കൽ കൂടി ജിയോ ടാഗ്ഗിംഗ് നടത്തേണ്ടതാണ്.

13. ഉദ്യോഗസ്ഥരുടെ ചുമതലകൾ

1. തദ്ദേശസ്വയംഭരണ സ്ഥാപനം നിർവഹണം നടത്തുന്ന ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിന്റെ പൂർണ്ണമായ മേൽനോട്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനതല സെക്രട്ടറിക്ക് ആയിരിക്കും.

2. ജിയോ ടാഗ്ഗിംഗ് നടത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥരായിരിക്കും. നഗരസഭകളിൽ സെക്രട്ടറി നിശ്ചയിക്കുന്ന ഉദ്യോഗസ്ഥരായിരിക്കും ജിയോ ടാഗ്ഗിംങ്ങ് ചെയ്യേണ്ടത്. വകുപ്പുകളിൽ അവരവരുടെ സംഘടനാ സംവിധാനം ഇതിനായി ഉപയോഗിക്കേണ്ടതാണ്.

3. ഓൺലൈൻ ഡാറ്റാ എൻട്രി ചെയ്യുന്നതിനായി ഒരു ക്ലാർക്കിനെ/ടെക്നിക്കൽ അസ്സിസ്റ്റന്റിനെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ചുമതലപ്പെടുത്തേണ്ടതാണ്.

4. വകുപ്പുകൾ നിലവിൽ ഭവന പദ്ധതി നടപ്പിലാക്കുന്ന രീതിയിൽ തന്നെ ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിക്കേണ്ടതാണ്.

14. ഭവന നിർമ്മാണം – ബഹുജന പങ്കാളിത്തം

ഏറ്റവും അർഹരായ ചിലർക്ക്, സർക്കാർ നൽകുന്ന ധനസഹായം ലഭ്യമായാലും ഭവന നിർമ്മാണം ആരംഭിക്കാനോ, പൂർത്തിയാക്കാനോ കഴിയാതെ നിസ്സഹായാവസ്ഥയിൽ കഴിയുന്നവരുണ്ടാകും. ധനസഹായം ലഭ്യമായാലും സഹായിക്കാൻ ആരുമില്ലാത്തവരും, ലഭിക്കുന്ന ധനസഹായത്തിന് പുറമേ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്താൻ കഴിയാത്തവരും ഈ ഗണത്തിൽ വരാവുന്നതാണ്. ഇത്തരക്കാർക്ക് ഒരു കൈത്താങ്ങ് നൽകേണ്ടത് പങ്കാളിത്ത സ്വഭാവമുള്ള സമൂഹമാണ്. ഇതിലേക്കായി ഉചിതമായ പൊതുജന

പങ്കാളിത്ത നിർവ്വഹണമാർഗങ്ങൾ ഗുണഭോക്താവിന്റെ രേഖാമൂലമുള്ള സമ്മതത്തോടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവലംബിക്കാവുന്നതാണ്. സ്ഥാപനങ്ങൾ, വ്യക്തികൾ, സ്കൂൾ പി.റ്റി.എ., എൻ.ജി.ഒ, രാഷ്ട്രീയ പാർട്ടികൾ, വിദ്യാർഥി, യുവജന സംഘടനകൾ, മത സാംസ്കാരിക സ്ഥാപനങ്ങൾ/സംഘടനകൾ, പത്ര-ദൃശ്യ മാധ്യമങ്ങൾ, ഉദ്യോഗസ്ഥ സംഘടനകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവരുടെ മാനവ-സാമ്പത്തിക ശേഷി ഇതിനായി ഉപയോഗിക്കാവുന്നതാണ്. മാനുഷിക വിഭവം (labour force) കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് ഗുണഭോക്തൃ കുടുംബങ്ങളിലെ, കെട്ടിടനിർമ്മാണരംഗത്ത് തൊഴിലെടുക്കുന്നവരെ ഉൾപ്പെടുത്തി ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്.

## 15. പദ്ധതികളുടെ സംയോജനം

ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വിവിധ പദ്ധതികളുടെ സംയോജന സാധ്യത പരിഗണിക്കേണ്ടതാണ്.

- ഗ്രാമപഞ്ചായത്തുകളിൽ ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നിർമ്മാണ വേളയിൽ 90 ദിവസത്തെ അവിദഗ്ധ കായിക തൊഴിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അധികമായി നൽകേണ്ടതാണ്.

- നഗരങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ചെയ്യാൻ സാധിക്കുന്ന പരമാവധി സഹായം അതാത് നഗരസഭാ സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

- ഗ്രാമപഞ്ചായത്തുകളിൽ, ഭവന നിർമ്മാണത്തിന് ആവശ്യമായ സിമന്റ് ബ്രിക്ക്സ്, ഹോളോ ബ്രിക്ക്സ്, ജനൽ കട്ടിളകൾ, കട്ടിള, ജാളി, പ്രീഫാബിൽ നിർമ്മിക്കുന്ന ഷെൽഫ്/അനുബന്ധ സാമഗ്രികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച് സൗജന്യമായി ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തുതലത്തിൽ ഇത്തരം സാധനസാമഗ്രികൾ നിർമ്മിച്ച് നൽകുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കേണ്ടതാണ്.

- വ്യക്തിഗത കക്കൂസ്, ശുചിത്വ മിഷൻ (SBM മുഖേന)/തൊഴിലുറപ്പ് പദ്ധതി മുഖേന നൽകേണ്ടതാണ്

- കുടിവെള്ള കിണർ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച് നൽകാവുന്നതാണ്

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയറിംഗ്, കുടിവെള്ള കണക്ഷൻ എന്നിവ ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാവുന്നതാണ്
- ലൈഫ് ഗുണഭോക്താക്കൾക്ക് പ്രധാനമന്ത്രി ഉജ്ജ്വൽ യോജന പ്രകാരം ഗ്യാസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാവുന്നതാണ്
- കേന്ദ്ര സർക്കാർ പദ്ധതിയായ 'സൗഭാഗ്യ' യിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതാണ്

ഇത്തരം പദ്ധതിസംയോജനത്തിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ ലൈഫ് പദ്ധതി പ്രകാരം നൽകുന്ന അർഹതയുള്ള ധനസഹായത്തിനുപരിയായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതാണ്. ആകയാൽ ലൈഫ് ഗുണഭോക്താക്കളുടെ എണ്ണവും ആവശ്യവും പരിഗണിച്ച് ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ/അഡീഷണൽ ആക്ഷൻ പ്ലാനിൽ മേൽ പരാമർശിച്ചിട്ടുള്ള പ്രവർത്തികൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 16. ഗുണഭോക്താക്കൾക്കുള്ള കൈപ്പുസ്തകം

മാർഗ നിർദ്ദേശങ്ങൾ, ഓരോ ഘട്ടത്തിലുമുള്ള ധനസഹായത്തിനുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് മാതൃക, ധനസഹായ വിതരണം രേഖപ്പെടുത്തുന്നതിനുള്ള കാർഡ്, പരാതി പരിഹാരത്തിനായി നിശ്ചയിച്ചിട്ടുള്ള സംവിധാനങ്ങളുടെയും/ഉദ്യോഗസ്ഥരുടെയും ഫോൺ നമ്പർ, ഉൾപ്പെടെയുള്ള കൈപ്പുസ്തകം, അതതു തദ്ദേശഭരണ സ്ഥാപനങ്ങൾ എല്ലാ ഗുണഭോക്താക്കൾക്കും (ലൈഫ് മിഷൻ നല്കുന്ന മാതൃകയിൽ) അച്ചടിച്ച് വിതരണം ചെയ്യേണ്ടതാണ്.

ധനസഹായ വിതരണം രേഖപ്പെടുത്തുന്നതിനുള്ള കാർഡിൽ ഗുണഭോക്താവ് രേഖപ്പെടുത്തലുകൾ വരുത്തുവാൻ പാടില്ല. നിർവഹണ ഉദ്യോഗസ്ഥൻ കാർഡിൽ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ തീയതി കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

## 17. മോണിറ്ററിംങ്ങും റിപ്പോർട്ടിങ്ങും

### തദ്ദേശസ്വയംഭരണ സ്ഥാപന തലം

തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കായിരിക്കുന്നതാണ്. ഭൂമിയുള്ള ഭവനരഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ട ചുമതലയും സെക്രട്ടറിക്ക് ആയിരിക്കും. ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയെ സഹായിക്കാൻ നോഡൽ ഓഫീസറായി അസിസ്റ്റന്റ് സെക്രട്ടറിയെ നിയോഗിക്കാവുന്നതാണ്.

### ബ്ലോക്ക് തലം

ബ്ലോക്ക് പരിധിയിൽ വരുന്ന മുഴുവൻ വീടുകളുടെയും മോണിറ്ററിങ് ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കായിരിക്കും. എക്സ്റ്റൻഷൻ ഓഫീസർമാർ

ബ്ലോക്ക് പരിധിയിൽ വരുന്ന വിവിധ വകുപ്പുകളുടെയും ഗ്രാമപഞ്ചായത്തിന്റെയും വ്യക്തിഗത ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ 100% പരിശോധന നടത്തണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ലൈഫ് മിഷന്റെ ബ്ലോക്ക് തല നോഡൽ ഓഫീസർ ആയി ജോയിന്റ് ബി.ഡി.ഒ./എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) പ്രവർത്തിക്കും. ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എല്ലാ എക്സ്റ്റൻഷൻ ഓഫീസർമാർക്കും ഗ്രാമ പഞ്ചായത്തുകളുടെയും/വകുപ്പുകളുടെയും ചുമതല നൽകി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. എല്ലാ എക്സ്റ്റൻഷൻ ഓഫീസർമാരെയും അവരുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കളുടെ വീട് പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതിനായി എം.ഐ.എസിൽ ടാഗ് ചെയ്യേണ്ടതാണ്. എല്ലാ നിർവഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് എല്ലാ മാസവും പുരോഗതി അവലോകനം ചെയ്യേണ്ടതാണ്.

ജില്ലാ തലം

ജില്ലാതലത്തിൽ സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടത് ജില്ലാ കളക്ടറുടെ ഉത്തരവാദിത്വമായിരിക്കും. ജില്ലാ തലത്തിൽ എല്ലാ മാസവും ചുരുങ്ങിയത് ഒരു തവണയെങ്കിലും ജില്ലാതല ഓഫീസർമാരുടെയും നഗരസഭാ/ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെയും അവലോകന യോഗം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിളിച്ചു ചേർക്കണം. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ അധ്യക്ഷന്മാരുടെ പ്രതിമാസ അവലോകന യോഗം വിളിച്ച് ചേർത്ത് പുരോഗതി വിലയിരുത്തണം.

അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (പി.എ), അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി&എം), അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (ഡബ്ലിയു. ഡി.), ജില്ലാ വനിതാ ക്ഷേമ ഓഫീസർ എന്നിവർക്ക് ലൈഫ് മിഷൻ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിന് ബ്ലോക്കുകളുടെയും നഗരസഭകളുടെയും ചുമതല നിശ്ചയിച്ച് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഇവരുടെ അവലോകന യോഗം എല്ലാ മാസവും രണ്ടു പ്രാവിശ്യം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ നടത്തേണ്ടതാണ്.

ജില്ലാ ആസൂത്രണ സമിതിയിൽ വ്യക്തിഗത ഭവന നിർമ്മാണ പുരോഗതി വകുപ്പ് തിരിച്ച് റിപ്പോർട്ട് തയ്യാറാക്കി ലൈഫ് മിഷൻ ജില്ലാ കോഡിനേറ്റർ അവതരിപ്പിക്കേണ്ടതാണ്. പുരോഗതി റിപ്പോർട്ട് ചർച്ചക്ക് വിധേയമാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ തല ഓഫീസർമാർക്ക് നൽകുകയും ചെയ്യണം. എല്ലാ മാസവും ജില്ലാ മിഷൻ സമിതിക്ക് മുന്നിൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും അവലോകനം ചെയ്യേണ്ടതും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യേണ്ടതാണ്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഭരണ സമിതി യോഗങ്ങളിൽ വ്യക്തിഗത ഭവന നിർമ്മാണം ഒരു അജണ്ടയായി ഉൾപ്പെടുത്തി പുരോഗതി വിലയിരുത്തണം. വിവിധ വകുപ്പുകളുടെ നിലവിലെ മോണിറ്ററിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണം. എല്ലാ വകുപ്പ് തല അവലോകന യോഗങ്ങളിലും ലൈഫ് മിഷൻ പ്രവർത്തനങ്ങൾ ഒരു അജണ്ടയായി ഉൾപ്പെടുത്തി പുരോഗതി വിലയിരുത്തണം.

18. പെർഫോമൻസ് അവാർഡ്

ലൈഫ് മിഷൻ നിർവ്വഹണം, മേൽനോട്ടം, മോണിറ്ററിങ്ങ് തുടങ്ങിയവയ്ക്ക് ചുമതലപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും പ്രവർത്തനം പെർഫോമൻസ് അപ്രൈസലിൽ പ്രത്യേകമായി വിലയിരുത്തുന്നതാണ്. മികച്ച പ്രകടനം നടത്തുന്ന ഉദ്യോഗസ്ഥർക്ക് സദ് സേവനരേഖ നൽകുന്നതാണ്. വ്യക്തിഗത ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ നിർമ്മാണത്തിൽ മികച്ച പ്രകടനം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, ജനപ്രധിനിധികൾക്കും, ഉദ്യോഗസ്ഥർക്കും പുരസ്കാരങ്ങൾ നൽകുന്നതാണ്.

അനുബന്ധം. 1

..........................................................നഗരസഭ/ഗ്രാമ പഞ്ചായത്ത്

വാർഡ് നമ്പർ...............

ഗുണഭോക്തൃ നമ്പർ (യുണിക് ID)..............

## ലൈഫ് – ഗുണഭോക്താവിന്റെ വിശദാംശങ്ങൾ

### ഗുണഭോക്താവിന്റെ വ്യക്തിഗത വിവരങ്ങൾ

1. ഗുണഭോക്താവിന്റെ പേര് :
2. സ്ത്രീ/പുരുഷൻ :
3. ഭർത്താവിന്റെ/പിതാവിന്റെ പേര് :
4. വിലാസം :
5. വയസ്സ്, ജനന തീയതി:
6. മൊബൈൽ ഫോൺ നമ്പർ:
7. ബാങ്ക് അക്കൗണ്ട് നമ്പർ:
8. ബാങ്കിന്റെ പേര് :
9. ബാങ്ക് ശാഖ, IFS കോഡ്:
10. റേഷൻ കാർഡ് നമ്പർ :
11. ആധാർ നമ്പർ:
12. MGNREGS/അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി തൊഴിൽ കാർഡ് നമ്പർ:
13. വിഭാഗം: പൊതു/പട്ടിക ജാതി/പട്ടിക വർഗം/ന്യൂനപക്ഷം
14. തൊഴിൽ: തോട്ടം തൊഴിലാളി/മത്സ്യ തൊഴിലാളി /മറ്റുള്ളവ

### വസ്തുവിനെ സംബന്ധിച്ച വിവരങ്ങൾ :

15. താലൂക്ക് :
16. വില്ലേജ് :
17. സർവ്വേ നമ്പർ :
18. വസ്തുവിന്റെ അളവ് :
19. ഉടമസ്ഥാവകാശം: (സ്വന്തം/കൈവശാവകാശം/കൂട്ടവകാശം)
20. കൈവശ ഭൂമിയുടെ വിവരം:
    a. സ്വന്തമായി വാങ്ങിയത്/സർക്കാർ നൽകിയത്
    b. (പുരം വസ്തു/വയൽ നികത്തിയ വസ്തു)

ഒപ്പ്

തീയതി. ഗുണഭോക്താവിന്റെ പേര്

അനുബന്ധം.2

ഗുണഭോക്തൃ സംഗമത്തിൽ പദ്ധതിയെക്കുറിച്ച് വിശദീകരിച്ച് നൽകുന്നതാണ്. ഗുണഭോക്താവിന്റെ വിശദാംശങ്ങളോടൊപ്പം താഴെപ്പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

1. റേഷൻ കാർഡിന്റെ പകർപ്പ്
2. ബാങ്ക് പാസ്സ് ബുക്കിലെ ഫ്രണ്ട് പേജിന്റെ പകർപ്പ്
3. ആധാർ കാർഡിന്റെ പകർപ്പ്
4. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്/കരം അടച്ച രസീത്
5. ഭവന നിർമ്മാണത്തിനുള്ള പെർമിറ്റ്
6. കരാറിൽ ഏർപ്പെടുന്നതിനായി 200 രൂപയുടെ മുദ്രപത്രം

അനുബന്ധം.3

## കരാർ പത്രം (മാതൃക)

## ലൈഫ് ഭവന നിർമ്മാണം (പദ്ധതി വർഷം: 20....-20:...)

.................ആണ്ട് ..........................മാസം ....... ..........തീയതി ............. ...................... ജില്ലയിൽ ....................... താലൂക്കിൽ................................ ..... ഗ്രാമപഞ്ചായത്തിൽ/നഗര സഭയിൽ.............................. വാർഡിൽ ........................................................................... .................. ..................... മേൽവിലാസത്തിൽ താമസിക്കുന്ന ....................... മകൻ /മകൾ/ഭാര്യ ......... .... വയസ്സുള്ള ............ ........................ ............... ഒന്നാം കക്ഷിയായും .................................. ഗ്രാമപഞ്ചായത്തിന് /നഗരസഭക്ക്/വകുപ്പിനെ പ്രതിനിധീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ (......... .................. ......... ..................) രണ്ടാം കക്ഷിയായും എഴുതി ഒപ്പിട്ട കരാർ.

..... ...................... ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ..................... വർഷത്തെ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭവന ഗുണഭോക്താവായി ഒന്നാം കക്ഷിയെ തിരഞ്ഞെടുത്തിരിക്കുന്നു. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് വേണ്ടി ഈ കരാർ ഉടമ്പടി ഒപ്പിട്ട് ഇതിലെ വ്യവസ്ഥകൾ പാലിക്കുവാൻ ഒന്നാം കക്ഷി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

### <u>വ്യവസ്ഥകൾ</u>

**ഒന്നാം കക്ഷിയുടെ ചുമതലകൾ**

1. ...................... ഗുണഭോക്താവ് തന്റെ/ഭർത്താവിന്റെ ഉടമസ്ഥതയിലുള്ള/കൂട്ടവകാശത്തിലുള്ള ................. ജില്ലയിൽ .............താലൂക്കിൽ ....................... വില്ലേജിൽ......................... സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള ... ............ .. സെന്റ് ഭൂമിയിൽ ലൈഫ് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം നടത്താൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു. നിർമ്മാണ പ്രവൃത്തി കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി ചെയ്യുന്നതാണ്.

2. ഒന്നാം കക്ഷി അംഗീകരിച്ച ടൈപ്പ് ഡിസൈൻ (ടൈപ്പ് ഡിസൈൻ നമ്പർ..... /പ്രത്യേക ഡിസൈൻ) അനുസരിച്ച് ഭവനം നിർമ്മിക്കുന്നതിന് കരാർ സമർപ്പിക്കുന്നതു മുതൽ വിവിധ നിർമ്മാണഘട്ടങ്ങൾ പൂർത്തിയാകുന്നതിനുസരിച്ച് നാലു ഗഡുക്കളായി (10%, 40%, 40%, 10% എന്നിങ്ങനെ)/അഞ്ച് ഗഡുക്കളായി(15%,20%,35%,20%,10%) പരമാവധി നാലുലക്ഷം/.............ലക്ഷം രൂപ ഒന്നാം കക്ഷിക്ക് നൽകുന്നതാണ്.

3. വ്യാജ രേഖകൾ ഹാജരാക്കിയോ, തെറ്റിധരിപ്പിച്ചോ. മറ്റേതെങ്കിലും തരത്തിലോ ഗുണഭോക്തൃ പട്ടികയിൽ കടന്നുകൂടിയ അനർഹർ എന്ന് തെളിയുന്ന പക്ഷം, ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒന്നാം കക്ഷിയെ ഒഴിവാക്കാവുന്നതാണ് എന്നും, അങ്ങനെ സംഭവിക്കുന്ന പക്ഷം ആ അവസരത്തിൽ പദ്ധതി പ്രകാരം ഏതെങ്കിലും ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ, പ്രസ്തുത തുക പലിശ സഹിതം തിരിച്ചടക്കാമെന്നും

ഒന്നാം കക്ഷി വാഗ്ദാനം ചെയ്യുന്നു. കരാറിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ഗുണഭോക്താവിനെ പട്ടികയിൽ നിന്നും ഒഴിവാക്കാവുന്നതും, നൽകിയ സാമ്പത്തിക സഹായം 12% പലിശ സഹിതം രണ്ടാം കക്ഷിക്ക് തിരികെ നൽകുന്നതുമാണ്.

4. കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തിയാക്കുന്നതാണ്.
5. നിർമ്മാണം പൂർത്തിയാക്കിയ ഭവനം യാതൊരു കാരണവശാലും കുറഞ്ഞത് 12 വർഷക്കാലത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും കൈമാറുന്നതല്ല.
6. പദ്ധതി മാർഗ നിർദ്ദേശം, പദ്ധതിയുമായി ബന്ധപെട്ട് ലൈഫ് മിഷൻ/കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾ എന്നിവ ഈ കരാറിന്റെ ഭാഗമായിരിക്കുന്നതും, ആയതിലെ വ്യവസ്ഥകൾ ഒന്നാം കക്ഷി പാലിക്കുന്നതുമാണ്.
7. കരാറിന്റെ വ്യവസ്ഥയനുസരിച്ച് രണ്ടാം കക്ഷിയിൽ നിന്നും കൈപ്പറ്റിയിട്ടുള്ള തുക ഭവന നിർമ്മാണത്തിനായി വിനിയോഗം നടത്താതിരിക്കുകയോ ദുർവിനിയോഗം നടത്തുകയോ ചെയ്താൽ ധനസഹായ തുക മുഴുവനും 12% പലിശ സഹിതം ഒന്നാം കക്ഷി തിരിച്ചടക്കേണ്ടതും അല്ലെങ്കിൽ ഒന്നാം കക്ഷിയിൽ നിന്ന് തുക ഈടാക്കുവാൻ രണ്ടാം കക്ഷിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

രണ്ടാം കക്ഷിയുടെ ചുമതലകൾ

1. തിരഞ്ഞെടുത്ത ഗുണഭോക്താവിന് പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം യഥാവിധി നൽകുന്നതാണ്.
2. ഓരോ ഘട്ടം പണി പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് 7 ദിവസത്തിനകം സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിച്ചുകൊള്ളാമെന്ന് ഇരു കക്ഷികളും സമ്മതിച്ച് ഇതിനാൽ കരാർ ഒപ്പ് വയ്ക്കുന്നു.

1. ഒന്നാം കക്ഷി
2. രണ്ടാം കക്ഷി

സാക്ഷികൾ

1. ..
2. ..

അനുബന്ധം. 4

## സ്റ്റേജ് റിപ്പോർട്ട്

........................... ...............പഞ്ചായത്ത്/നഗരസഭയിലെ/വകപ്പിലെ ഗുണഭോക്താവായ ഞാൻ ....................................... ...... ഭവനത്തിന്റെ (ബെയ്സ്മെന്റ്/ലിന്റൽ/മേൽക്കൂര/പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ) പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഗഡു തുക അനുവദിക്കാൻ താല്പര്യപ്പെടുന്നു.

തീയതി. (ഒപ്പ്)

സ്ഥലം ഗുണഭോക്താവിന്റെ പേര്

യുണീക്ക് ഐ.ഡി...........

## പരിശോധന റിപ്പോർട്ട്

ഗുണഭോക്താവിന്റെ ഭവന നിർമ്മാണം (ബെയ്സ്മെന്റ്/ലിന്റൽ/മേൽക്കൂര/പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ) പൂർത്തിയായ സാഹചര്യത്തിൽ തുടർന്നുള്ള ഗഡു അനുവദിക്കാവുന്നതാണ്.

ഒപ്പ്

തീയതി പരിശോധകന്റെ/നിർവഹണ ഉദ്യോഗസ്ഥന്റെ പേര്

സ്ഥലം ഉദ്യോഗപ്പേര്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പട്ടികവർഗ്ഗ വികസന വകുപ്പ് – പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള യൂണിറ്റ് നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ)വകുപ്പ്

സ.ഉ.(സാധാ) നം.1151/2019/പ.ജ.പ.വ.വി.വ തീയതി,തിരുവനന്തപുരം, 23/10/2019

പരാമർശം:- 1 സ.ഉ.(സാധാ)നം.1274/2018/പജ.പവ.വിവ, തീയതി 27/12/2018

2 സ.ഉ.(കൈ)നം.34/2018/തസ്വഭവ, തീയതി 16/03/2018

3 പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 04/01/2019

തീയതിയിലെ എ2/847/17 നമ്പർ കത്ത്.

ഉത്തരവ്

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയായും വിദൂരസ്ഥിത സങ്കേതങ്ങളിലെ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള യൂണിറ്റ് നിരക്ക് 6 ലക്ഷം രൂപയായും നിശ്ചയിച്ചും അവ ലൈഫ് മിഷൻ മുഖേന വീടുകൾ പൂർത്തികരിക്കുന്നതിനായി/നിർമ്മാണത്തിനായി തുക അനുവദിക്കുന്ന നിരക്കിൽ അനുവദിക്കുന്നതിനും പരാമർശം (1)പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം വിദൂരസ്ഥിത സങ്കേതങ്ങളെ തരംതിരിച്ച് ധനസഹായം നൽകുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടുണ്ടെന്ന് ഫീൽഡ് തലത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, മൊത്തം കുടുംബങ്ങളുടെ 9 3 % പട്ടികവർഗ്ഗ കുടുംബങ്ങളും പട്ടികവർഗ്ഗ സങ്കേതങ്ങളിലും, അതീവ ദുർഘട പ്രദേശങ്ങളിലും, ഒറ്റപ്പെട്ട ദുർഘട പ്രദേശങ്ങളിലും കഴിയുന്നവരാണെന്നും, നഗരപ്രദേശങ്ങളിലും, സങ്കേതങ്ങൾക്ക് പുറത്തുമായി കഴിയുന്ന കുടുംബങ്ങൾ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും ഇവരുടെ ജീവിത സാഹചര്യങ്ങളും പട്ടികവർഗ്ഗക്കാരുടെ

പൊതുവായ സ്വഭാവ രീതികളും വലിയ അന്തരമൊന്നുമില്ലെന്നും അതിനാൽ പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് 6 ലക്ഷമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും അപ്രകാരം വർദ്ധിപ്പിക്കുമ്പോൾ പരാമർശം ( 2 ) ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം 5 ഗഡുക്കളായി ധനസഹായം നൽകുന്നതിനും, നിലവിൽ പൂർത്തിയായ സ്റ്റേജിന്റെ അടിസ്ഥാനത്തിൽ തുടർഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി അനുവദിക്കുന്നതിനുള്ള അനുമതിയും ആവശ്യമാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016–17, 2017–18 വർഷങ്ങളിൽ പട്ടിക വർഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേന അനുവദിച്ചതും പൂർത്തീകരിക്കാത്തതുമായ വീടുകളുടെ തുടർ ഗഡുക്കൾ പരാമർശം 2 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം ലൈഫ് മിഷൻ മുഖേന അനുവദിക്കുന്ന നിരക്കിൽ നിലവിൽ പൂർത്തിയായ സ്റ്റേജിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിന്ദു തങ്കച്ചി.എം.കെ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
3. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
5. തദ്ദേശസ്വയംഭരണ വകുപ്പ്
6. ധനകാര്യ വകുപ്പ് (WW-WW3/123/2018-FIN DATED: 14/03/2019)
7. ഐ & പി.ആർ.ഡി (വെബ് & ന്യൂമീഡിയ)

സെക്ഷൻ ഓഫീസർ